**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 363** **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യ കൃഷിയും വിത്തുല്പാദനവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സർക്കാർ അധീനതയിലുള്ള മത്സ്യ, ചെമ്മീൻ ഹാച്ചറികളുടെ വിത്തുല്പാദന ശേഷി അനുസരിച്ച് ഉല്പാദനം നടത്താൻ കഴിയുന്നുണ്ടോ; സ്ഥാപിത ശേഷി, നിലവിലെ ഉല്പാദനം എന്നിവ വ്യക്തമാക്കുമോ; | (എ) | സർക്കാർ അധീനതയിലുള്ള മത്സ്യ, ചെമ്മീൻ ഹാച്ചറികളുടെ വിത്തുല്പാദന ശേഷി അനുസരിച്ച് ഉൽപാദനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത ഹാച്ചറികളുടെ സ്ഥാപിത ശേഷി, നിലവിലെ ഉൽപ്പാദനം എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. കേരളത്തിന്റെ മത്സ്യകൃഷിയുടെ പ്രധാന പരിമിതി, മതിയായ അളവിൽ ഗുണമേൻമയുള്ള മത്സ്യവിത്തിൻറെ അഭാവമായതിനാൽ മത്സ്യവിത്തുകളുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തോടെ പുതിയ മത്സ്യവിത്തു ഫാമുകൾ, ഹാച്ചറികൾ എന്നിവ സ്ഥാപിക്കൽ, നിലവിലുള്ളവയുടെ വികസനം എന്നിവയ്ക്കായി സംസ്ഥാന ബഡ്ജറ്റിൽ 2016-17 സാമ്പത്തിക വർഷം മുതൽ ഉൾനാടൻ മത്സ്യമേഖലയുടെ വികസനത്തിൽ ഉൾപ്പെടുത്തി 50.4 കോടിയോളം രൂപയുടെയും ആർ.ഐ.ഡി.എഫ്-ൽ ഉൾപ്പെടുത്തി 37.54 കോടിയോളം രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫിഷ്സീഡ് ഫാമുകൾ, ഹാച്ചറികൾ മുതലായവയുടെ നടപ്പ സാമ്പത്തികവർഷത്തെ മത്സ്യകുഞ്ഞുല്പാദന പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി 900 ലക്ഷം രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | തദ്ദേശീയ മത്സ്യ ഇനങ്ങളുടെ കൃഷിയും വിത്തുല്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (ബി) | തദ്ദേശീയ മത്സ്യഇനങ്ങളുടെ കൃഷിയും വിത്തുല്പാദനവും പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആയതിന്റെ ഭാഗമായി 2021-22 സാമ്പത്തിക വർഷം റിസർവോയർ ഫിഷറീസ് പദ്ധതിയിൽ ഉൾപ്പെടുത്തി തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, |

| | | | |
|---|---|---|---|
| | | | ചിമ്മിനി, ഷോളയാർ (ലോവർ), പെരിങ്ങൽകുത്ത്, പീച്ചി, വാഴാനി തുടങ്ങിയ 8 റിസവോയറുകളിലായി തദ്ദേശീയ മത്സ്യവിഭാഗത്തിൽപ്പെട്ട Endemic carp, Endemic cat fish, കുയിൽ മത്സ്യം, വരാൽ മുതലായവയുടെ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ടി പദ്ധതിക്കായി 2021-22 സാമ്പത്തികവർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. തദ്ദേശീയ മത്സ്യഇനങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെൻറ് പ്രോഗ്രാം (റാഞ്ചിംഗ്) പദ്ധതി നടപ്പിലാക്കുന്നു. കൂടാതെ തദ്ദേശീയ മത്സ്യഇനങ്ങളുടെ കൃഷിയും വിത്തുല്പാദനവും പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 2020-21, 2021-22 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| (സി) | വ്യാപകമായി കൃഷി ചെയ്യുന്ന ഗിഫ്റ്റ് തിലാപ്പിയ മത്സ്യത്തിന്റെ വിത്തുല്പാദനത്തിനായി എത്ര ഹാച്ചറികളാണ് കഴിഞ്ഞ സർക്കാരിന്റേയും ഈ സർക്കാരിന്റേയും കാലയളവുകളിൽ സ്ഥാപിച്ചിട്ടുള്ളത്; അവയുടെ സ്ഥാപിത, ഉല്പാദന ശേഷി എത്രയെന്നും സംസ്ഥാനത്തിന്റെ ആവശ്യകത നിറവേറ്റുന്നതിന് ഇത് പര്യാപ്തമാണോയെന്നും വിശദമാക്കാമോ? | (സി) | ഗിഫ്റ്റ് തിലാപ്പിയ മത്സ്യത്തിന്റെ വിത്തുല്പാദനത്തിനായി തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും, പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും 50 ലക്ഷം വീതം ഉൽപ്പാദനശേഷിയുള്ള ഗിഫ്റ്റ് ഹാച്ചറികളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. നെയ്യാർഡാം ഗിഫ്റ്റ് ഹാച്ചറിയിൽ ജൂലായ് മാസം മുതൽ മത്സ്യവിത്തുൽപ്പാദനം ആരംഭിച്ച നാളിതുവരെ 1.28 ലക്ഷം ഗിഫ്റ്റ് മത്സ്യ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. പന്നിവേലിച്ചിറ ഗിഫ്റ്റ് ഹാച്ചറിയിൽ മത്സ്യവിത്തുല്പാദനം ഡിസംബർ മാസത്തിൽ ആരംഭിക്കാൻ കഴിയുന്നതാണ്. ഇതിനു പുറമേ കൊല്ലം ജില്ലയിലെ കുളത്തൂപ്പുഴയിൽ ഒരു കോടി ഉൽപ്പാദനശേഷിയുള്ളതും, പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ 50 ലക്ഷം ഉൽപ്പാദനശേഷിയുള്ളതുമായ ഗിഫ്റ്റ് ഹാച്ചറികൾ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി പ്രാരംഭ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ഒരു കോടി ഉൽപ്പാദനശേഷിയുള്ള നൈൽ തിലാപ്പിയ ഹാച്ചറി കോഴിക്കോട് ജില്ലയിലെ കല്ലാനോട് സ്ഥാപിക്കുന്നതിനുള്ള പദ്ധതി പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| Sl. No. | Name of Hatchery | 2020-21 | | 2021-22 |
|---|---|---|---|---|
| | **Department Hatcheries** | | | |
| | | **Estt. Capacity (in lakh)** | **Seed Prodcution ( in lakh)** | **Estt. Capacity (in lakh)** |
| 1 | Neyyar Dam | 50.00 | 53.77 | 50.00 |
| 2 | Thevally | 1.00 | 0.81 | 1.00 |
| 3 | Shrimp hatchery, Neendakara | 50.00 | 42.47 | 50.00 |
| 4 | West Kallada | 5.00 | 6.24 | 16.00 |
| 5 | Kulathupazha | 18.00 | 10.35 | 34.00 |
| 6 | Fisheries Complex, Pannivelichira | 50.00 | 24.26 | 50.00 |
| 7 | NFSF, Polachira | 60.00 | 30.03 | 60.00 |
| 8 | Govt. Model Fish Farm, Pallom | 30.00 | 10.43 | 30.00 |
| 9 | Regional Shrimp Hatchery, Azheecode | 120.00 | 79.77 | 120.00 |
| 10 | Peechi Hatchery ,Thrissur | 50.00 | 60.95 | 50.00 |
| 11 | Bhoothathan kettu | 10.00 | 12.68 | 10.00 |
| 12 | Ullanam | 60.00 | 43.39 | 60.00 |
| 13 | NFSF Malampuzha | 150.00 | 127.18 | 150.00 |
| 14 | Seed farm, Meenkara, Palakkad | 50.00 | 38.94 | 50.00 |
| 15 | Seed farm, Mangalam, Palakkad | 24.00 | 14.83 | 24.00 |
| 16 | Seed farm, Walayar, Palakkad | 18.00 | 11.51 | 18.00 |
| 17 | Chulliyar fish seed farm, | 34.00 | 8.01 | 34.00 |

| | | | | |
|---|---|---|---|---|
| | Palakkad | | | |
| 18 | Kallanode | 36.00 | 35.90 | 36.00 |
| 19 | Thalipuzha | 9.00 | 8.97 | 9.00 |
| 20 | Karappuzha | 0.00 | 0.00 | 18.00 |
| II | **Matsyafed Hatcheries** | | | |
| 1 | Thirumullavaram | 400.00 | 470.97 | 400.00 |
| 2 | Kaippamangalam, Thrissur | 200.00 | 135.33 | 200.00 |
| 3 | Veliyamcode, Malappuram | 200.00 | 74.87 | 200.00 |
| 4 | Moplabay, Kannur | 200.00 | 0.00 | 200.00 |
| III | **ADAK Hatchery** | | | |
| 1 | Odayam | 150.00 | 137.00 | 150.00 |
| 2 | Ayiramtheng | 9.00 | 4.28 | 9.00 |
| 3 | Eranholi Fish Farm | 7.00 | 0.15 | 7.00 |
| 4 | Model shrimp Farm and Hatchery ,Poyya | 9.00 | 4.37 | 9.00 |
| 5 | Kadappuram | 1.00 | 0.48 | 1.00 |
| 6 | Njarakkal | 0.05 | 0.00 | 0.05 |
| 7 | Edakochi | 4.00 | 0.67 | 4.00 |
| | **Total** | **2005.05** | **1448.61** | **2050.05** |